പൊതുമേഖലാ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം

144 (1410) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഈ സർക്കാർ എത്ര പേർക്ക് താൽക്കാലിക നിയമനം നൽകി ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി എത്ര പേരെ നിയമിച്ചു ;

(സി) മറ്റുള്ളവരുടെ നിയമനം ഏത് രീതിയിൽ ആയിരുന്നു ;

(ഡി) ഏതെല്ലാം തസ്തികകളിൽ ഇപ്രകാരം നിയമനം നടത്തി, ഓരോന്നിലും എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

ട്രാക്കോ കേബിൾസിൽ ട്രെയിനികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

145 (1411) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ലാ ട്രാക്കോ കേബിൾസിൽ സെമിസ്കിൽഡ്, അൺസ്കിൽഡ് ട്രെയിനികളെ സ്ഥിരപ്പെടുത്തണമെന്ന ഹൈക്കോടതി വിധി സുപ്രീംകോടതി അംഗീകരിച്ചോ എന്നറിയിക്കുമോ ;

(ബി) എങ്കിൽ വിധി നടപ്പിലാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) എത്രപേരെയാണ് സ്ഥിരപ്പെടുത്താനുള്ളത്, ഇവരെ എന്നത്തേക്ക് സ്ഥിരപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ട്രെയിനികളായി നിയമിച്ചവരെയെല്ലാം സ്ഥിരപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രാക്കോ കേബിൾ കമ്പനിയിൽ സെമിസ്കിൽഡ്, അൺസ്കിൽഡ്, ട്രെയിനികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്, കമ്പനി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സമർപ്പിച്ചിരുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളിന്മേൽ 11-1-2001-ൽ സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം ട്രെയിനികളെ സ്ഥിരപ്പെടുത്തുവാനും,

LIBRARY ARCHIVES Kerala Legislative Assembly

ട്രെയിനികൾക്ക് 1800 രൂപയിൽ കുറയാത്ത സ്റ്റൈപെൻഡ് നൽകുവാനുമാണ് വിധിയിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ സ്വഭാവദൂഷ്യമോ, അച്ചടക്കലംഘനമോ ട്രെയിനികളുടെ ഭാഗത്ത് ഉണ്ടായാൽ അവരെ സ്ഥിരപ്പെടുത്തുന്നതിനോ അവരുടെ സേവനം അവസാനിപ്പിക്കുന്നതിനോ കമ്പനിക്ക് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പ്രസ്തുത വിധിയിൽ പറഞ്ഞിട്ടുണ്ട്.

(ബി-ഡി) 119 ട്രെയിനികളെ സ്ഥിരപ്പെടുത്താനുണ്ട്. എന്നാൽ മേൽപ്പറഞ്ഞ സുപ്രീം കോടതി വിധി വന്നതിനുശേഷം സീനിയോറിറ്റിയെ സംബന്ധിച്ച് ട്രെയിനികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തതിനാൽ ഒഴിവുകൾ നിശ്ചയിച്ച് അത് നികത്തുവാനുള്ള നടപടികൾ കമ്പനി താൽക്കാലികമായി നിറുത്തി വച്ചിരിക്കുകയാണ്.

സംസ്ഥാനത്തിനു പുറത്തേയ്ക്കുമാറ്റിയ വ്യവസായങ്ങൾ

146 (1412) ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഏതെങ്കിലും വ്യവസായങ്ങൾ ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിനു പുറത്തേയ്ക്കു മാറ്റിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ ;

(സി) അവ സംസ്ഥാനത്തു നിന്നും മാറ്റുവാനുള്ള കാരണമെന്ത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ഈസ്റ്റേൺ ഫുഡ്സ്, അടിമാലി, ഇടുക്കി

2. ഈസ്റ്റേൺ കോൺട്രിമെന്റ്സ്, അടിമാലി ഇടുക്കി

3. മാസ് കംബ്സ്റ്റബിൾ പാക് ലി, പാലക്കാട്

(സി) ആദ്യത്തെ രണ്ടു സ്ഥാപനങ്ങൾ തൊഴിൽ പ്രശ്നം മൂലമാണ് സംസ്ഥാനത്തിനു പുറത്തേയ്ക്കു മാറ്റപ്പെട്ടത്. തീ പിടിച്ച് നാശനഷ്ടവും അപായവും ഉണ്ടായതിനെത്തുടർന്നാണ് മാസ്കംബസ്റ്റിബിൾ എന്ന സ്ഥാപനം സംസ്ഥാനത്തിനു പുറത്തേയ്ക്കു മാറ്റിയത്.

പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകൾ

147 (1413) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകളിലെ തൊഴിലാളികൾക്ക് സർക്കാർ എന്തെങ്കിലും ആശ്വാസനടപടികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly